ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഡി.എം.ഇ. യുടെ ശിപാർശ മറികടന്ന നിയമനം

4 (2212) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻമാരായ ഡോ. വരുൺ, ഡോ. വിജയാനന്ദ് എന്നിവരെ, ഡി.എം.ഇ.-യുടെ ശിപാർശ മറികടന്ന് തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിൽ നിയമിച്ചതിന്റെ കാരണം എന്താണെന്ന വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ചുള്ള മറ്റു വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് സർജനായ ഡോ.എസ്. വരുൺ കുമാറിനെ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ ശുപാർശയോടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിലെ പ്രോസ്തോഡോണ്ടിക്സ് വിഭാഗത്തിൽ നിയമിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതർക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കോഴിക്കോട് ഡെന്റൽ കോളേജിൽ പ്രോസ്തോ ഡോണ്ടിക്സ് വിഭാഗത്തിൽ 13-11-2012 മുതൽ 12-11-2013 വരെ ഒരു വർഷ കാലയളവിൽ ജോലി ചെയ്തിരുന്ന ഡോ.കെ.ആർ.വിജയാനന്ദിന് തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിൽ പ്രോസ്തോഡോണ്ടിക്സ് വിഭാഗത്തിൽ നിയമനം നൽകിയിട്ടുള്ളത്.

പനി ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം

5 (2213) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാരധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് ഡെങ്കിപ്പനി, തക്കാളിപ്പനി, കുരങ്ങ് പനി, എലിപ്പനി, മലമ്പനി, ചിക്കൻഗുനിയ, മറ്റു വിവിധ തരം പനികൾ ബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ഇര വീതം എത്രപേർക്ക് നൽകിയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) കുരങ്ങുപനി ബാധിച്ച് മരിച്ച ടൈബ് വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ടൈബൽ ഡിപ്പാർട്ട്മെന്റിൽ നിന്ന് 2 ലക്ഷം രൂപയും മറ്റു വിഭാഗത്തിൽപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

ആശാവർക്കർമാർ

6 (2214) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൻ കീഴിൽ എത്ര ആശാവർക്കർമാരാണ് പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ആരോഗ്യവകുപ്പിനു കീഴിൽ 871 ആശാവർക്കർമാരാണ് പ്രവർത്തിച്ചുവരുന്നത്.

ഡോ. ഷാനവാസിന്റെ മരണത്തിനുള്ള അന്വേഷണം

7 (2216) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ സ്വദേശിയായ ഡോ. ഷാനവാസ് സർവ്വീസിലിരിക്കെ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ദേഹം എന്നാണ് സർവ്വീസിൽ പ്രവേശിച്ചതെന്നും അദ്ദേഹത്തിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly